നമ്പർ.66512/ഡി.ഡി2/08/ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്,
തിരുവനന്തപുരം, തീയതി: 20.10.2008.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 2009-10 ലേയ്ക്കുള്ള ലേബർ ബഡ്ജറ്റ് രൂപീകരണം - അയൽക്കൂട്ടങ്ങൾ വഴി ലേബർ ഡിമാന്റ് തിട്ടപ്പെടുത്തൽ - പ്രവർത്തന നിർദ്ദേശങ്ങൾ.

സൂചന:-
1. കേന്ദ്രസർക്കാരിന്റെ 03.09.2008 ലെ ജെ-11011/14/2007/ NREGA/PT) നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
2. സ.ഉ(സാധാ) നമ്പർ 3548/08/തസ്വഭവ തീയതി, 03.10.2008.
3. 19.08.2008 ലെ 69928/ഡി.ഡിഡ.2/08/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ.

## ഉത്തരവ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2009-10 ലേയ്ക്കുള്ള ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരാമർശം 1 ലെ കത്തിലൂടെ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ 2009-10 സാമ്പത്തിക വർഷത്തിൽ തൊഴിലാവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ കൃത്യമായ എണ്ണം, അവർക്ക് തൊഴിൽ നൽകേണ്ട സമയം, ആകെ നൽകാൻ സാധിക്കുന്ന തൊഴിൽ ദിനങ്ങൾ എന്നിവ തൊഴിലാളികളുമായി ചർച്ച ചെയ്ത് തിട്ടപ്പെടുത്തേണ്ടതാണ്. ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ആദ്യം ചെയ്യേണ്ടത് തൊഴിൽ ആവശ്യപ്പെടുന്നവരുടെ എണ്ണവും അവർക്ക് ആവശ്യമായി വരുന്ന തൊഴിൽ ദിനങ്ങളും (Labour demand) തിട്ടപ്പെടുത്തുക എന്നതാണ്. ഇപ്രകാരം തിട്ടപ്പെടുത്തുന്ന അത്ര തൊഴിൽ നൽകുവാൻ ആവശ്യമായ പ്രവർത്തികൾ കണ്ടെത്തുക എന്നുള്ളതാണ് രണ്ടാമതായി ചെയ്യേണ്ടത്. ഇതിന്റെ രണ്ടിന്റെയും അടിസ്ഥാനത്തിൽ പ്രതീക്ഷിത ചെലവ് തിട്ടപ്പെടുത്താൻ സാധിക്കും. ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും രൂപീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് സംസ്ഥാന സർക്കാർ പരാ

മർശം 2 ലെ ഉത്തരവിലൂടെയും പരാമർശം 3 ലെ സർക്കുലറിലൂടെയും നിഷ്കർഷിച്ചിട്ടുണ്ട്.

അടുത്ത സാമ്പത്തിക വർഷം തൊഴിൽ ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (Labour demand) ഏറെക്കുറെ കൃത്യതയോടെ തിട്ടപ്പെടുത്തുക എന്നത് ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ ഏറ്റവും പ്രാധാന്യമുള്ള പ്രവർത്തനമാണ്. ഈ പ്രവർത്തനം ഏറ്റവും കാര്യക്ഷമമായി ചെയ്യാൻ സാധിക്കുന്നത് ഒരു സാമൂഹ്യാധിഷ്ഠിത സംവിധാനം എന്ന നിലയ്ക്ക് കുടുംബശ്രീ അയൽക്കൂട്ടങ്ങളാണ്. അയൽക്കൂട്ടതലത്തിൽ വിവരശേഖരണത്തിനും എ.ഡി.എസ്, സി.ഡി.എസ് തലത്തിലെ വിവര ക്രോഡീകരണത്തിനുമുള്ള ഫോർമാറ്റുകൾ യഥാക്രമം അനുബന്ധം 1,2,3 ആയി കൊടുത്തിട്ടുണ്ട്. ലേബർ ഡിമാന്റ് എസ്റ്റിമേഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ, ഇതിനായി അവലംബിക്കേണ്ട പ്രക്രിയ, ഫോർമാറ്റുകൾ പൂരിപ്പിക്കേണ്ട രീതി തുടങ്ങിയവയെക്കുറിച്ചുള്ള അറിവ് ഓരോ അയൽക്കൂട്ടങ്ങളിലും എത്തിക്കേണ്ടതാണ്. ഇതിനാവശ്യമായ പരിശീലന പരിപാടികൾ സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്നതാണ്.

അയൽക്കൂട്ട തല ലേബർ എസ്റ്റിമേഷൻ സംഘടിപ്പാക്കാനായി താഴെപറയുന്ന പ്രവർത്തന കലണ്ടർ അവലംബിക്കുന്നത് ഉചിതമായിരിക്കും.

| | | |
|---|---|---|
| 1. | പരിശീലകരുടെ പരിശീലനം | 23..10..2008 |
| 2. | ജില്ലാതലത്തിൽ ഗ്രാമസഭാ ഫെസിലിറ്റേറ്റേഴ്സ്, സി.ഡി.എസ് പരിശീലനം | 30..10..2008 നു മുൻപ് |
| 3. | പഞ്ചായത്ത്തലത്തിൽ ഒരു അയൽക്കൂട്ടത്തിൽ നിന്നും ഒരാളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പരിശീലനം | 02..11..2008 നു മുൻപ് |
| 4. | ലേബർ ഡിമാന്റ് എസ്റ്റിമേഷനുള്ള അയൽക്കൂട്ടതല യോഗം | 08..11..2008 നു മുൻപ് |
| 5. | എ.ഡി.എസ് ക്രോഡീകരണം | 10..11..2008 |
| 6. | സി.ഡി.എസ് ക്രോഡീകരണം | 12..11..2008 |

അയൽക്കൂട്ടതല യോഗങ്ങൾ നവംബർ 2 മുതൽ 7 ദിവസങ്ങളിൽ പൂർത്തീകരിക്കണം. സി.ഡി.എസ് തലത്തിൽ ക്രോഡീകരിച്ച ലേബർ ഡിമാന്റ് പഞ്ചായത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന വർക്കിംഗ് ഗ്രൂപ്പ് 12..11.2008 നകം പരിശോധിക്കുകയും 14..11..2008 ന് പഞ്ചായത്ത് സമിതി അംഗീകരിച്ച് ബ്ലോക്ക് പഞ്ചായത്തിന് നൽകുകയും വേണം. ബ്ലോക്ക്തല ത്തിൽ ലേബർ ഡിമാന്റ് ക്രോഡീകരിച്ച് 21..11..2008 നകം ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്ക് നൽകേണ്ടതാണ്.

ഇപ്രകാരം തയ്യാറാക്കിയ ലേബർ ഡിമാന്റ് എസ്റ്റിമേറ്റിന്റെ സഹായ ത്തോടു കൂടി വേണം ജില്ലാതലത്തിൽ സാങ്കേതിക ഉപദേശക സമിതി ജില്ലയുടെ ലേബർ ബഡ്ജറ്റ് പരിശോധിക്കേണ്ടത്.

എസ്.എം. വിജയാനന്ദ്,
**പ്രിൻസിപ്പൽ സെക്രട്ടറി**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
പഞ്ചായത്ത് ഡയറക്ടർ
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഡയറക്ടർ, കില
ഡയറക്ടർ, സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*

## ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി
## 2009-10 സാമ്പത്തിക വർഷത്തിൽ തൊഴിൽ ആവശ്യമുള്ള കുടുംബങ്ങളുടെ വിവരം
## അയൽക്കൂട്ടതല വിവരശേഖരണം

ഗ്രാമപഞ്ചായത്തിന്റെ പേര് :

വാർഡ് നമ്പർ :

അയൽക്കൂട്ടത്തിന്റെ പേര് :

| ക്രമ നമ്പർ | കുടുംബനാഥ(ൻ) ന്റെ പേര് | എസ്.സി (✓ അടയാളം രേഖപ്പെടുത്തുക) | എസ്.റ്റി (✓ അടയാളം രേഖപ്പെടുത്തുക) | തൊഴിൽ കാർഡ് (ഉണ്ട് / ഇല്ല) | 125 രൂപ നിരക്കിൽ തൊഴിൽ ചെയ്യാൻ സന്നദ്ധതയുണ്ടോ ? (ഉണ്ട് / ഇല്ല) | 100 ദിവസം തൊഴിൽ ആവശ്യമുണ്ടോ ? (ഉണ്ട് / ഇല്ല) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

അനുബന്ധം – 2

## ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

## 2009–10 സാമ്പത്തിക വർഷത്തിൽ തൊഴിൽ ആവശ്യമുള്ള കുടുംബങ്ങളുടെ വിവരം

## വാർഡുതല ക്രോഡീകരണ ഫോറം–2

പഞ്ചായത്ത്:

വാർഡ്:

| ക്രമ നം. | അയൽക്കൂട്ടത്തിന്റെ പേര്/ നമ്പർ | അയൽക്കൂട്ട പ്രദേശത്തു നിന്നും തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | തൊഴിൽ കാർഡ് ലഭിച്ചിട്ടുള്ള കുടുംബങ്ങൾ - എണ്ണം | | 125 രൂപ ദിവസക്കൂലിയ്ക്ക് മൺപണി ചെയ്യുവാൻ തയ്യാറുള്ള കുടുംബങ്ങളുടെ എണ്ണം | 100 ദിവസം തൊഴിൽ ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| | | | എസ്.സി | എസ്.ടി | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

അനുബന്ധം - 3

## ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി
## 2009-10 സാമ്പത്തിക വർഷത്തിൽ തൊഴിൽ ആവശ്യമുള്ള കുടുംബങ്ങളുടെ വിവരം

### പഞ്ചായത്തു തല ക്രോഡീകരണ ഫോറം-2

ഗ്രാമ പഞ്ചായത്ത്:

| ക്രമ നം. | വാർഡ് നമ്പർ | 125 രൂപ കൂലി നിരക്കിൽ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കാൻ തയ്യാറായുള്ള കുടുംബങ്ങളുടെ എണ്ണം | തൊഴിൽ കാർഡ് ഉള്ളവരുടെ എണ്ണം | തൊഴിൽ കാർഡ് ലഭിച്ചിട്ടുള്ള കുടുംബങ്ങൾ | | 100 ദിവസം തൊഴിൽ ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| | | | | എസ്.സി | എസ്.ടി | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |